സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 28 2025 ഏപ്രിൽ 04 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

വിഷു ബമ്പർ വിപണിയിൽ എത്തി: ഒന്നാം സമ്മാനം 12 കോടി രൂപ

തിരു: സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ വിഷു ബമ്പർ (ബി ആർ 103) ഭാഗ്യക്കുറി വിപണിയിൽ എത്തി. ഇത്തവണത്തെ വിഷു ബമ്പറിന്റെ ഒന്നാം സമ്മാനമായി 12 കോടി രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. ആറ് സീരീസുകളിലായി വിൽപ്പനയ്ക്കെത്തുന്ന ഈ ലോട്ടറിയുടെ രണ്ടാം സമ്മാനമായി ഒരു കോടി രൂപ വീതം ആറ് സീരീസുകളിലും ലഭിക്കും. മൂന്നാം സമ്മാനമായി 10 ലക്ഷം രൂപയും നാലാം സമ്മാനമായി 5 ലക്ഷം രൂപയും ഓരോ സീരീസിലും നൽകും.ടിക്കറ്റിന്റെ വില 300 രൂപയാണ്. ഇതിനു പുറമെ, 5000 രൂപ മുതൽ 300 രൂപ വരെയുള്ള ചെറിയ സമ്മാനങ്ങളും ഈ ബമ്പറിൽ ഉൾപ്പെടുത്തിയിട്ടുണ്ട് നറുക്കെടുപ്പ് 2025 മെയ് 28-ന് ഉച്ചയ്ക്ക് 2 മണിക്ക് നടക്കും. വിഷു ബമ്പർ ടിക്കറ്റുകൾ ഇന്ന് മുതൽ ലോട്ടറി ഏജന്റുമാർ വഴിയും വിവിധ വിൽപ്പന കേന്ദ്രങ്ങളിലൂടെയും ലഭ്യമാകും.

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

രാഷ്ട്രീയമല്ല, കള്ളപ്പണക്കേസ്; മുഖ്യമന്ത്രി രാജി വെക്കണമെന്ന് സതീശൻ

തിരു: സിഎംആർഎൽ-എക്സാലോജിക് ദുരൂഹസാമ്പത്തിക ഇടപാട് കേസിൽ വീണാ വിജയനെ പ്രതിയാക്കിയതിന് പിന്നാലെ മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് പ്രതിപക്ഷം. വീണയുടെ കമ്പനി ഒരു സേവനവും നൽകിയിട്ടില്ലെന്ന് അന്വേഷണത്തിൽ തെളിഞ്ഞുവെന്നും കേസ് രാഷ്ട്രീയ പ്രേരിതമല്ലെന്നും പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കള്ളപ്പണവുമായി ബന്ധപ്പെട്ട കേസാണിതെന്നും മുഖ്യമന്ത്രിക്ക് ധാർമികമായ ഉത്തരവാദിത്തമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്നലെയാണ് കേസിൽ വീണാ വിജയനെ പ്രതിയാക്കി എസ് എഫ്ഐഒ കുറ്റപത്രം സമർപ്പിച്ചത്. സിഎംആർഎൽ എംഡി ശശിധരൻ കർത്തയും ജീവനക്കാരും എക്സാലോജിക്ക് ഉൾപ്പെടെയുള്ള കമ്പനികളുമടക്കം പതിമൂന്ന് പേർ പ്രതിപ്പട്ടികയിലുണ്ട്. പ്രോസിക്യൂഷൻ നടപടികൾക്ക് കേന്ദ്ര കമ്പനികാര്യ മന്ത്രാലയം അനുമതി നൽകിയതിന് പിന്നാലെയാണ് കൊച്ചിയിലെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്.

അതേസമയം, സാമ്പത്തിക കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്ന കൊച്ചിയിലെ പ്രത്യേക കോടതിയിലാണ് ഇനി എസ്എഫ്ഐഒ കുറ്റപത്രത്തിന്റെ തുടർനടപടികൾ. എസ്എഫ്ഐഒ ആവശ്യപ്പെടുന്ന മുറയ്ക്ക് വീണാ വിജയനും സിഎംആർഎൽ എം.ഡി ശശിധരൻ കർത്തയും ഉൾപ്പടെയുള്ള പ്രതികൾക്കെതിരെ കോടതി സമൻസ് അയക്കും. ഹാജരായില്ലെങ്കിൽ വാറൻറ് പുറപ്പെടുവിച്ച് അറസ്റ്റിലേക്ക് നീങ്ങും. പ്രതികൾക്ക് കോടതിയിൽ ജാമ്യാപേക്ഷ നൽകാം. 60സം മുതൽ 10വർഷം വരെ തടവുകിട്ടാവുന്ന വകുപ്പുകളാണ് ചുമത്തിയിരിക്കുന്നത്.

എന്നാൽ മുഖ്യമന്ത്രിയുടെ മകൾക്കെതിരായ നടപടിയെ ഒറ്റക്കെട്ടായി പ്രതിരോധിക്കുകയാണ് സിപിഎം. കേസ് രാഷ്ട്രീയ പ്രേരിതമെന്നും നിയമപരമായി നേരിടുമെന്നും പിബി കോർഡിനേറ്റർ പ്രകാശ് കാരാട്ട് വ്യക്തമാക്കി.

കൺസ്യൂമർ ഫെഡിന്റെ വിഷു-ഈസ്റ്റർ ചന്ത ഈ മാസം 12 മുതൽ

തൃശൂർ : സംസ്ഥാന സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുഖേന ആരംഭിക്കുന്ന സഹകരണ വിഷു-ഈസ്റ്റർ സബ്സിഡി ചന്ത അടുത്തയാഴ്ച മുതൽ. 12ന് ശനി മുതൽ 21വരെ തുടർച്ചയായി 10 ദിവസം വിഷു-ഈസ്റ്റർ സബ്സിഡി ചന്തകൾ നടത്താനാണ് തീരുമാനം.

വിഷു-ഈസ്റ്റർ ചന്തയുടെ സംസ്ഥാന തല ഉദ്ഘാടനം 11ന് രാവിലെ 9 മണിക്ക് മന്ത്രി വി.എൻ വാസവൻ തിരുവനന്തപുരത്ത് നിർവ്വഹിക്കും. കൺസ്യൂമർഫെഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ത്രിവേണി സൂപ്പർമാർക്കറ്റുകളും, 14 ജില്ലാ കേന്ദ്രങ്ങളിലെ വിൽപ്പന ശാലകളും ഉൾപ്പെടുത്തി 170 വിപണന കേന്ദ്രങ്ങൾ ആണ് സജ്ജമാകുന്നത്.

എമ്പുരാൻ നിർമ്മാതാവ് ഗോകുലം ഗോപാലന്റെ സ്ഥാപനങ്ങളിൽ ഇഡി റെയ്ഡ്

ചെന്നൈ: പ്രമുഖ വ്യവസായിയും എമ്പുരാൻ സിനിമയുടെ നിർമ്മാതാക്കളിൽ ഒരാളുമായ ഗോകുലം ഗോപാലന്റെ സ്ഥാപനമായ ഗോകുലം ചിറ്റ് ഫണ്ട്സിൽ ഇഡി റെയ്ഡ്. ഏകദേശം ഒരുമണിക്കൂറിൽ ഏറെ നേരമായി പരിശോധനകൾ നടക്കുന്നുണ്ട് എന്നാണ് വിവരം. ഒടുവിൽ ലഭിക്കുന്ന വിവരം അനുസരിച്ച് ചെന്നൈ നീലാങ്കരയിലെ ഗോകുലം ഗോപാലന്റെ വീട്ടിലും റെയ്ഡ് നടക്കുന്നുണ്ട്.

എന്നാൽ എന്ത് കേസിന്റെ പേരിലാണ് ഇപ്പോൾ റെയ്ഡ് നടത്തുന്നതെന്ന് വിവരങ്ങൾ വ്യക്തമല്ല. ചെന്നൈ കോടമ്പാക്കത്തെ ഗോകുലം ചിറ്റ്ഫണ്ട്സ് കോർപറേറ്റ് ഓഫീസിലാണ് പരിശോധനകൾ പുരോഗമിക്കുന്നത്. ഇഡി കൊച്ചി യൂണിറ്റിലെ അംഗങ്ങളും പരിശോധനാ സംഘത്തിലുണ്ട്. അതേസമയം സ്ഥാപനത്തിന്റെ കോഴിക്കോട്, കൊച്ചി എന്നീ യൂണിറ്റുകളിലും പരിശോധന നടക്കുന്നുണ്ട്.

എമ്പുരാൻ സിനിമ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയ പ്രമേയങ്ങൾ ചർച്ചയാകുന്ന സമയത്ത് തന്നെയാണ് ഈ റെയ്ഡിന്റെ വിവരം പുറത്തുവരുന്നത്. എമ്പുരാൻ വിവാദത്തിൽ മോഹൻലാൽ ക്ഷമ ചോദിച്ച് കുറിപ്പിട്ട സമയം മോഹൻലാലിനോടും ആന്റണി പെരുമ്പാവൂരിനോടും ഗോകുലം ഗോപാലനോടും ഇഡി റെയ്ഡിന്റെ കാര്യം സൂചിപ്പിച്ച് യൂത്ത് കോൺഗ്രസ് നേതാവ് എബിൻ വർക്കി പോസ്റ്റ് ചെയ്തിരുന്നു.

മുൻപ് 2023 ഏപ്രിലിൽ മറ്റൊരു കേസിൽ അന്വേഷണത്തിന്റെ ഭാഗമായി ഗോകുലം ഗോപാലനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് രാവിലെ മുതൽ വൈകുന്നേരം വരെ ചോദ്യം ചെയ്തിരുന്നു. ഇതിനുശേഷം നാളിതുവരെ ഇഡി നടപടികളൊന്നും അദ്ദേഹത്തിന്റെ പേരിലുണ്ടായിട്ടില്ല.

മാർച്ച് 27ന് എമ്പുരാൻ റിലീസിന് തൊട്ടുമുൻപ് ചിത്രത്തിന്റെ പ്രധാന നിർമ്മാതാക്കളിൽ ഒരാളായ ലൈക്ക പ്രൊഡക്ഷൻസ് പിന്മാറിയിരുന്നു. തുടർന്നാണ് ഗോകുലം ഗോപാലൻ ചിത്രത്തിന്റെ നിർമ്മാതാവായി എത്തിയത്.

പാർട്ടി കോൺഗ്രസ് നടക്കുമ്പോഴുള്ള സിപിഎമ്മിനെതിരായ നീക്കമെന്ന് കെ.കെ. ശൈലജ

തിരു: സിഎംആർഎൽ-എക്സാലോജിക് ഇടപാടിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ മകളും എക്സാലോജിക് കമ്പനി ഉടമയുമായ വീണയെ വിചാരണ ചെയ്യാൻ അനുമതി നൽകിയ നടപടി രാഷ്ട്രീയപ്രേരിതമെന്ന് സിപിഎം കേന്ദ്രകമ്മിറ്റിയംഗം കെ.കെ. ശൈലജ. പാർട്ടി കോൺഗ്രസ് നടക്കുന്ന സമയത്ത് എന്തെങ്കിലുമൊന്ന് സിപിഎമ്മിനെതിരായിട്ട് പുതുതായിട്ട് എടുത്തിടാൻ സാധിക്കുമോ എന്നുള്ള രീതിയിലാണ് ഇപ്പോൾ അന്വേഷണത്തിന് അനുമതി പ്രഖ്യാപിച്ചിട്ടുള്ളത്. അതൊന്നും കോടതിയിൽ നിലനിൽക്കുന്നതല്ലെന്നും കെ.കെ. ശൈലജ പറഞ്ഞു.

'ഇവിടെ പാർട്ടി കോൺഗ്രസ് നടക്കുന്നു. നാടാകെ അതിന്റെ അലകളുണ്ട്. വളരെ ആവേശകരമായിട്ടാണ് പാർട്ടി കോൺഗ്രസ് നടക്കുന്നത്. അതെല്ലാം കാണുന്നസമയത്ത് എന്തെങ്കിലുമൊന്ന് സിപിഎമ്മിനെതിരായിട്ട് പുതുതായിട്ട് എടുത്തിടാൻ സാധിക്കുമോ എന്നുള്ള രീതിയിലാണ് ഇപ്പോൾ അന്വേഷണത്തിന് അനുമതി പ്രഖ്യാപിച്ചിട്ടുള്ളത്. അതൊന്നും കോടതിയിൽ നിലനിൽക്കുന്നതല്ല. വിജിലൻസ് അന്വേഷണം കഴിഞ്ഞ് കോടതി കേസെടുക്കാനാവശ്യമായിട്ടുള്ള യാതൊന്നും ഇതിലില്ല എന്ന് പ്രഖ്യാപിച്ചുകഴിഞ്ഞ അവസരത്തിലാണ്, ഹൈക്കോടതി ഉത്തരവിനെപ്പോലും മറികടന്നുകൊണ്ടുള്ള ആരോപണം ഉന്നയിക്കുന്നത്. ഇത് തികച്ചും രാഷ്ട്രീയപ്രേരിതമാണ്.'- കെ.കെ. ശൈലജ പറഞ്ഞു.

'ഇത്തരത്തിലുള്ള മെയിന്റനൻസ് കരാർ ഒപ്പിടുമ്പോൾ ആ സമയത്ത് തന്നെ കരാറാണ്, അടുത്ത മാസം മുതൽ തന്നെ അക്കൗണ്ടിലേക്ക് പണം വരണം എന്നുള്ളത്. ജോലി കൊടുക്കേണ്ടത് കമ്പനിയാണ്. കമ്പനിക്ക് വേണ്ടി ജോലി ചെയ്തിട്ടില്ല എന്ന ആക്ഷേപം കമ്പനി ഇതുവരെ ഉന്നയിച്ചിട്ടില്ലെന്ന് കെ.കെ. ശൈലജ കൂട്ടിച്ചേർത്തു. പരാതി വരുന്ന സമയത്ത് കരാർ നിലനിൽക്കുമ്പോൾ ആ കമ്പനി ജോലി കൊടുക്കുമോ ചെയ്യുമോ എന്ന് പരിശോധിക്കാൻ ഇത്തരത്തിലുള്ള ആളുകൾ തയ്യാറാവുന്നില്ല. എത്ര ഉപരിപ്ലവമായിട്ടുള്ള ആരോപണമാണ് ഈ കമ്പനിക്കെതിരേ ഉന്നയിച്ചിരിക്കുന്നതെന്ന് കാണാൻ സാധിക്കുമെന്നും കെ.കെ. ശൈലജ പറഞ്ഞു.

അതേസമയം കേന്ദ്ര കമ്പനികാര്യ മന്ത്രാലയമാണ് വീണയെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നൽകിയത്. ഇടപാടുമായി ബന്ധപ്പെട്ട് സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് തയ്യാറാക്കിയ കുറ്റപത്രത്തിലും വീണയെ പ്രതിചേർത്തിട്ടുണ്ട്. അടുത്തദിവസം തന്നെ എസ്എഫ്ഐഒ കുറ്റപത്രം സമർപ്പിക്കും. യാതൊരു സേവനവും നൽകാതെ വീണയുടെ കമ്പനിയായ എക്സാലോജിക് സിഎംആർഎല്ലിൽനിന്ന് 2.70 കോടി രൂപ കൈപ്പറ്റിയെന്നാണ് എസ്എഫ്ഐഒ അന്വേഷണത്തിലെ കണ്ടെത്തൽ.

കേസിന് പിന്നിൽ രാഷ്ട്രീയ അജണ്ട,മുഖ്യമന്ത്രിയോ സർക്കാരോ സഹായം നൽകിയിട്ടില്ല: എം.വി.ഗോവിന്ദൻ

തിരു: സിഎംആർഎൽ കേസിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ ടി. വീണയുൾപ്പടെയുള്ളവരെ പ്രതി ചേർത്ത് സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസിന്റെ (എസ്എഫ്ഐഒ) കുറ്റപത്രം സമർപ്പിച്ച നടപടി സൂക്ഷ്മമായി പരിശോധിക്കേണ്ടതുണെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ.

എസ്എഫ്ഐഒ അന്വേഷണം തടയണം എന്നാവശ്യപ്പെട്ട് ഡൽഹി ഹൈക്കോടതിയിൽ നടക്കുന്ന കേസിൽ ജൂലായിൽ വാദം കേൾക്കാനിരിക്കെ എസ്എഫ്ഐഒ ഇങ്ങനെ ഒരു നാടകം നടത്തിയതിന് പിന്നിൽ കൃത്യമായ രാഷ്ട്രീയ അജണ്ടയാണെന്ന് പാർട്ടി സെക്രട്ടറി ആരോപിച്ചു.

മുഖ്യമന്ത്രിയോ സർക്കാരോ സിഎംആർഎൽ-എക്സാലോജിക് കരാറുമായി ബന്ധപ്പെട്ട് ഒരു സഹായവും നൽകിയിട്ടില്ലെന്നും ഇതിൽ സർക്കാർ അനുകൂലമായ ഒരു നിലപാടും സ്വീകരിച്ചിട്ടില്ലെന്നും എംവി ഗോവിന്ദൻ പറഞ്ഞു.

അഴിമതി നിരോധന നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈ കേസിൽ മുഖ്യമന്ത്രിയെ ബന്ധിപ്പിക്കുന്നതിന് ഒരു തെളിവുമില്ലെന്നാണ് മൂന്ന് വിജിലൻസ് കോടതികളും പറഞ്ഞിട്ടുള്ളത്. പിന്നീട് ഹൈക്കോടതിയും പറഞ്ഞതും മുഖ്യമന്ത്രിക്കെതിരെ തെളിവില്ലെന്ന് തന്നെയാണന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കഴിഞ്ഞ ദിവസമാണ് സിഎംആർഎൽ കേസിൽ ടി.വീണ ഉൾപ്പടെയുള്ളവരെ പ്രതി ചേർത്ത് എസ്എഫ്ഐഒ കുറ്റപത്രം സമർപ്പിച്ചത്. വീണയും അവരുടെ ഉടമസ്ഥതയിലുള്ള എക്സാലോജിക് കമ്പനിയും 2.7 കോടിരൂപ കൈപ്പറ്റിയെന്നാണ് കുറ്റപത്രത്തിലുള്ളത്. വിചാരണയ്ക്ക് കേന്ദ്ര കമ്പനികാര്യമന്ത്രാലയം അനുമതിനൽകിയിട്ടുണ്ട്.

ആദായനികുതിവകുപ്പ് നടത്തിയ പരിശോധനയിലും ഇതിനുശേഷംനടന്ന ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ തീർപ്പിലും 1.72 കോടിരൂപ വീണയും കമ്പനിയും സേവനം നൽകാതെ കൈപ്പറ്റിയെന്നായിരുന്നു കണ്ടെത്തൽ. വീണയ്ക്കും കമ്പനിക്കും രാഷ്ട്രീയനേതാക്കൾക്കുമെല്ലാം ഇത്തരത്തിൽ പണം നൽകിയതടക്കം, സ്വകാര്യ കരിമണൽക്കമ്പനിയായ സിഎംആർഎൽ 197.7 കോടിയുടെ വെട്ടിപ്പ് നടത്തിയെന്നാണ് അന്വേഷണത്തിലെ കണ്ടെത്തൽ.

ബിജെപി നേതാക്കൾ എത്തി; പാർട്ടി അംഗത്വം സ്വീകരിച്ച് മുനമ്പം നിവാസികൾ

കൊച്ചി: വഖഫ് ഭേദഗതി ബിൽ രാജ്യസഭയും ലോക്സഭയും പാസാക്കിയതിന് പിന്നാലെ ബിജെപി അംഗത്വം സ്വീകരിച്ച് മുനമ്പം നിവാസികൾ. സമിതി ചെയർമാൻ ജോസഫ് റോക്കി അടക്കമുള്ള അമ്പത് പേരാണ് പാർട്ടി ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിൽ നിന്ന് അംഗത്വം സ്വീകരിച്ചത്.

രാജീവ് ചന്ദ്രശേഖർ അടക്കമുള്ള നേതാക്കൾ മുനമ്പത്തെ സമരപന്തലിലെത്തിയിരുന്നു. ഈ വേളയിലാണ് മുനമ്പം നിവാസികൾ പാർട്ടി അംഗത്വം സ്വീകരിച്ചത്. ബി ഡി ജെ എസ് നേതാവ് തുഷാർ വെള്ളാപ്പള്ളിയും രാജീവ് ചന്ദ്രശേഖറിനൊപ്പമുണ്ട്.

ഇന്ന് പുലർച്ചെയാണ് രാജ്യസഭയിലും വഖഫ് ഭേദഗതി ബിൽ പാസാക്കിയത്. രാഷ്ട്രപതി ഒപ്പുവയ്ക്കുന്നതോടെ ഇത് നിയമമാവും. ഇന്നലെ ഉച്ചയ്ക്ക് രണ്ടു മണിയോടെ കേന്ദ്ര മന്ത്രി കിരൺ റിജിജുവാണ് ബിൽ രാജ്യസഭയിൽ അവതരിപ്പിച്ചത്. തുടർന്ന് ചർച്ചകൾക്കൊടുവിൽ പുലർച്ചെയോടെ ബിൽ പാസാക്കുകയായിരുന്നു.

ഇതിനുപിന്നാലെ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും കേന്ദ്ര മന്ത്രി സുരേഷ് ഗോപിക്കും ജയ് വിളിച്ച് മുനമ്പം നിവാസികൾ ആഹ്ലാദ പ്രകടനം നടത്തിയിരുന്നു. പടക്കം പൊട്ടിക്കുകയും ചെയ്തു. ബിൽ പാസായെങ്കിലും റവന്യൂ അവകാശം പുനഃസ്ഥാപിച്ച് കിട്ടുന്നതുവരെ സമരം തുടരാനാണ് ഇവരുടെ തീരുമാനം.

പുതിയ സംഭവവികാസങ്ങൾ രാഷ്ട്രീയ മാറ്റത്തിന്റെയും തുടക്കമാണെന്നും, ആരാണ് ഒറ്റുകാർ എന്നു ബോദ്ധ്യമായ സാഹചര്യത്തിൽ കൂടുതൽ കരുത്തോടെ മുന്നോട്ടു പോകുമെന്നും സമിതി ചെയർമാൻ ജോസഫ് റോക്കി പറഞ്ഞു. മുങ്ങിത്താഴുന്നവരെ താങ്ങിനിറുത്തുന്ന സമീപമാണ് നരേന്ദ്ര മോദി സർക്കാരിന്റേത്. രാജ്യസഭയിലെ അടക്കം കേരളത്തിലെ 28 എം പിമാർ ബില്ലിനെ എതിർത്തപ്പോൾ ബി ജെ പിയിലെ സുരേഷ് ഗോപി മാത്രമാണ് ശക്തമായ നിലപാടെടുത്തത്. കൃത്യമായ തീരുമാനങ്ങൾ ഉണ്ടാകും വരെ സമരം ശക്തമായി തുടരുമെന്ന് സമര സമിതി കൺവീനർ ജോസഫ് ബെന്നി പറഞ്ഞു.

'വഖഫ് ബിൽ ലക്ഷക്കണക്കിന് മുസ്ലിം അനുയായികളെ വേദനിപ്പിച്ചു'; രണ്ട് ജെ. ഡി. യു നേതാക്കൾ രാജിവച്ചു

പട്ന: കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച വഖഫ് ബില്ലിനെ ബിഹാർ മുഖ്യമന്ത്രി നിതീഷ് അനുകൂലിച്ചതിൽ പ്രതിഷേധിച്ച് മുതിർന്ന ജെഡിയു നേതാക്കളായ മുഹമ്മദ് ഖാസിം അൻസാരിയും മുഹമ്മദ് അഷ്ഫ് അൻസാരിയും പാർട്ടിയിൽ നിന്ന് രാജി വെച്ചു. കേന്ദ്രസർക്കാർ വഖഫിനെതിരായ നിലപാട് കൈക്കൊണ്ടത് തങ്ങളെ നിരാശപ്പെടുത്തിയെന്നും ജെഡിയു ഉയർത്തിപ്പിടിച്ച തത്വങ്ങൾക്കെതിരായാണ് വഖഫ് ബിൽ വർത്തിച്ചതെന്നും ഇവർ പറഞ്ഞു.

'ശുദ്ധ മതേതരത്വ ആശയങ്ങളുടെ പതാകാവാഹകനാണ് നിതീഷ് കുമാർ എന്നായിരുന്നു ലക്ഷക്കണക്കിന് ഇന്ത്യൻ മുസ്ലിങ്ങളുടെ ഉറച്ചവിശ്വാസം. പക്ഷേ ആ വിശ്വാസം ഇപ്പോൾ തകർക്കപ്പെട്ടിരിക്കുന്നു. അർപ്പണമനോഭാവമുള്ള ഞങ്ങളെപ്പോലുള്ള ലക്ഷക്കണക്കിന് മുസ്ലിങ്ങളും തൊഴിലാളികളും ജെഡിയുവിന്റെ ഇപ്പോഴത്തെ നിലപാടിൽ ആഴത്തിൽ മുറിവേറ്റിരിക്കുകയാണ്. ബില്ലിനെ പിന്താങ്ങിക്കൊണ്ട് ലാലൻ സിങ് (രാജീവ് രഞ്ജൻ) ലോക്സഭയിൽ നടത്തിയ പ്രസംഗത്തിന്റെ രീതിയും ശൈലിയും ഞങ്ങളെ അതീവ ദുഃഖത്തിലാഴ്ത്തി. വഖഫ് ബിൽ ഇന്ത്യൻ മുസ്ലിങ്ങൾക്കെതിരാണ്.'- ജെഡിയു ന്യൂനപക്ഷവിഭാഗത്തിന്റെ നേതാവ് മുഹമ്മദ് അഷ്ഫ് അൻസാരി തന്റെ രാജിക്കത്തിൽ പരാമർശിച്ചു.

വിധവയായ യുവതിയെ ബസിൽ ഡ്രൈവറും കണ്ടക്ടറും കൂട്ടബലാത്സംഗത്തിന് ഇരയാക്കി, 3 പേർ അറസ്റ്റിൽ

ബെംഗളൂരു: മക്കൾക്കൊപ്പം സ്വകാര്യ ബസിൽ കയറിയ തന്നെ ഡ്രൈവറും കണ്ടക്ടറും ഉൾപ്പെടെ മൂന്ന് പേർ കൂട്ടബലാത്സംഗം ചെയ്തുവെന്ന് വിധവയായ യുവതി. കർണാടകയിലെ വിജയനഗറിലാണ് സംഭവം. കേസിൽ മൂന്ന് പേരെ വിജയ് നഗർ പോലീസ് അറസ്റ്റ് ചെയ്തു.

മാർച്ച് 31-ന് വിജയ് നഗർ ജില്ലയിലെ ചെന്നാപുരയിലാണ് ദളിത് യുവതി ക്രൂരബലാത്സംഗത്തിന് ഇരയായത്. ക്ഷേത്രോത്സവത്തിൽ പങ്കെടുത്തശേഷം ദാവനഗെരെയിലേക്ക് മടങ്ങുന്നതിനായി ബസിൽ കയറിയതായിരുന്നു യുവതി. പ്രതികളുടേയും യുവതിയുടേയും മെഡിക്കൽ സാമ്പിളുകൾ വൈദ്യപരിശോധനയ്ക്ക് അയച്ചിട്ടുണ്ടെന്നും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുമെന്നും വിജയ്നഗർ എസ്പി ശ്രീഹരി ബാബു വ്യക്തമാക്കി.

വേഗത്തിൽ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് ദളിത് സംഘടനകൾ പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു. തുടർന്നാണ് പ്രതികൾക്കെതിരെ കൂടുതൽ കുറ്റങ്ങൾ ചുമത്തിയത്. ഭാരതീയ നിയമസംഹിതയിലെ സെഷൻ 115 (2), 75(2), 351(2), പട്ടികജാതി-പട്ടികവർഗ നിയമത്തിലെ വകുപ്പുകൾ എന്നിവ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ലൈസൻസ് ഇല്ലാതെ കെ സുരേന്ദ്രൻ ട്രാക്ടർ ഓടിച്ചു; വാഹന ഉടക്ക് പിഴ ചുമത്തി

പാലക്കാട്: ഉപതിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ ബിജെപി മുൻ സംസ്ഥാന പ്രസിഡന്റ് കെ സുരേന്ദ്രൻ ട്രാക്ടർ ഓടിച്ച സംഭവത്തിൽ ഉടമയ്ക്ക് 5000 രൂപ പിഴ ചുമത്തി. സുരേന്ദ്രന് ട്രാക്ടർ ഓടിക്കാനുള്ള ലൈസൻസ് ഇല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് പാലക്കാട് ട്രാഫിക് എൻഫോഴ്സ്മെന്റ് പിഴചുമത്തിയത്.

പാലക്കാട് ഉപതിരഞ്ഞെടുപ്പ് പ്രചാരണം കൊടുമ്പിരികൊണ്ട് നിൽക്കുന്ന സമയത്താണ് ഇടത് സർക്കാരിന്റെ കർഷക വിരുദ്ധ നയങ്ങൾക്കെതിരെ ബിജെപി സ്ഥാനാർത്ഥി സി കൃഷ്ണകുമാറിനായി അന്നത്തെ സംസ്ഥാന അദ്ധ്യക്ഷൻ കെ സുരേന്ദ്രൻ ട്രാക്ടർ റാലി നടത്തിയത്. ട്രാക്ടർ റാലിയിൽ ട്രാക്ടർ ഓടിച്ച് തന്നെയാണ് സുരേന്ദ്രൻ എത്തിയത്.

ഇതിനെതിരെ എറണാകുളം ശ്രീമൂല നഗരം സ്വദേശിയും എസ്എഫ്ഐ എറണാകുളം ജില്ലാ സെക്രട്ടറി ആയിരുന്ന ഫസൽ മുഹമ്മദ് കഴിഞ്ഞ നവംബറിൽ അന്നത്തെ പാലക്കാട് എസ്പി ആർ ആനന്ദിന് പരാതി നൽകിയിരുന്നു.

'പറയാൻ സൗകര്യമില്ല, നിങ്ങളാരാണ്?'; ജബൽപുർ വിഷയത്തിലെ ചോദ്യങ്ങളോട് പൊട്ടിത്തെറിച്ച് സുരേഷ് ഗോപി

നെടുമ്പാശേരി: വഖഫ് ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് കേരളത്തിൽ നിന്നുള്ള എംപിമാർ രേഖപ്പെടുത്തിയ ആശങ്കകൾക്ക് എന്ത് അടിസ്ഥാനമാണുള്ളതെന്ന് കേന്ദ്രമന്ത്രി സുരേഷ് ഗോപി. മുസ്ലിങ്ങൾക്ക് ഇതെല്ലാം കുഴപ്പമാണെന്നുള്ള ദുഷ്പ്രചരണമാണ് പാർലമെന്റിലെ വാദങ്ങളിലൂടെ എംപിമാർ നടത്തിയതെന്നും സുരേഷ് ഗോപി പറഞ്ഞു. ജബൽപുരിൽ വൈദികർ ആക്രമിക്കപ്പെട്ട സംഭവത്തിൽ പ്രതികരണം തേടിയ മാധ്യമപ്രവർത്തകരോട് കേന്ദ്രമന്ത്രി കയർക്കുകയും ചെയ്തു.

കേരളത്തിൽ നിന്നുള്ള എംപിമാർ രേഖപ്പെടുത്തിയ ആശങ്കകൾക്ക് എന്ത് അടിസ്ഥാനമാണുള്ളത്?. നിങ്ങൾ രാഷ്ട്രീയമൊന്നുമില്ലാത്ത, രാഷ്ട്രത്തിനോട് സ്നേഹമുള്ള, നല്ല ബുദ്ധിയും അറിവുമുള്ള, കുത്തിത്തിരിപ്പ് ഹൃദയത്തിലില്ലാത്ത വിചക്ഷണരോട് പോയി ചോദിക്കൂ. അവർ വാദിച്ച കാര്യങ്ങൾ എന്തായിരുന്നുവെന്ന്. മുസ്ലിങ്ങൾക്ക് ഇതെല്ലാം കുഴപ്പമാണെന്ന് പറഞ്ഞ് ഒരു ദുഷ്പ്രചരണമല്ലേ അവർ അവരുടെ വാദങ്ങളിലൂടെ പാർലമെന്റിൽ നടത്തിയത്.' - സുരേഷ് ഗോപി പറഞ്ഞു.

പാർലമെന്റിലെ ചർച്ച പ്രധാനമാണെന്നും എന്തെങ്കിലും കുഴപ്പം കണ്ടോ എന്നും സുരേഷ് ഗോപി ചോദിച്ചു. 'നിങ്ങൾ വെയ്റ്റു ചെയ്യൂ സർ, അങ്കലാപ്പ് ഉണ്ടാക്കാതെ. ഇത് വരുകയില്ല എന്ന് പറഞ്ഞ ആൾക്കാരല്ലേ നിങ്ങൾ. ജെപിസിയിലിട്ട് ഇത് കത്തിച്ചുകളയും എന്ന് പറഞ്ഞ ആളുകളല്ലേ നിങ്ങളെന്നും' കേന്ദ്രമന്ത്രി മാധ്യമപ്രവർത്തകരോട് പറഞ്ഞു.

ജബൽപുരിൽ വൈദികർ ആക്രമിക്കപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് ചോദ്യം ചോദിച്ച മാധ്യമപ്രവർത്തകർക്ക് നേരെ സുരേഷ്ഗോപി കയർത്തു. 'നിങ്ങളാരാ? നിങ്ങളാരോടാണ് ചോദിക്കുന്നത്? വളരെ സൂക്ഷിച്ച് സംസാരിക്കണം. മാധ്യമം ആരാ? ഇവിടത്തെ ജനങ്ങളാണ് വലുതെന്ന്' സുരേഷ് ഗോപി പറഞ്ഞു.

ചോദ്യം പ്രസക്തമാണല്ലോ എന്ന് മാധ്യമപ്രവർത്തകർ മറുപടി പറഞ്ഞപ്പോൾ സൗകര്യമില്ല പറയാനെന്നും ജബൽപൂരിൽ സംഭവിച്ചതിന് നിയമപരമായ നടപടിയെടുക്കുമെന്നും അദ്ദേഹം രോഷത്തോടെ പ്രതികരിച്ചു. ഈ മറുപടിയാണല്ലോ പറയേണ്ട

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

മാലിന്യമുക്തം നവകേരളം; ജില്ലാതല പ്രഖ്യാപനം നാളെ ഉച്ചക്ക്

തൃശൂർ: റവന്യൂ മന്ത്രി കെ. രാജൻ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ജില്ലാതല പ്രഖ്യാപനം നടത്തും. ഏപ്രിൽ അഞ്ചിന് ഉച്ചയ്ക്ക് 12 ന് തൃശ്ശൂർ ടൗൺ ഹാളിൽ നടക്കുന്ന ചടങ്ങിൽ ക്യാമ്പയിനിൽ മികച്ച പ്രവർത്തനം നടത്തിയ ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, ഹരിത കർമ്മസേന, എൻ.എസ്.എസ്, ടൂറിസ്റ്റ് കേന്ദ്രം, ടൗൺ എന്നിങ്ങനെ 23 ഇനങ്ങളിൽ ജില്ലാതലത്തിലുള്ള അവാർഡുകൾ ചടങ്ങിൽ പ്രഖ്യാപിക്കും. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് വൈവിധ്യമാർന്ന കലാപരിപാടികളും അരങ്ങേറും.

സെമിനാർ സംഘടിപ്പിക്കും

തൃശൂർ: അസാപ് കേരളയും ശ്രീചിത്ര ആയുർവേദ അക്കാദമിയും സംയുക്തമായി 'ആയുർവേദ തെറാപ്പി പഠനവും ആഗോള തൊഴിൽ സാധ്യതകളും' എന്ന വിഷയത്തോടനുബന്ധിച്ച് സെമിനാർ നടത്തും. ഏപ്രിൽ അഞ്ചിന് രാവിലെ 10.30 ന് തൃശ്ശൂർ, കുന്നംകുളം അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ നടത്തുന്ന സെമിനാറിൽ ആയുർവേദ മേഖലയിലെ അനന്തസാധ്യതകളെക്കുറിച്ചും ആഗോളതലത്തിലെ നിരവധി തൊഴിൽ അവസരങ്ങളെകുറിച്ചും ചർച്ചചെയ്യും. പ്രവേശനം സൗജന്യമായിരിക്കും. ഫോൺ: 9947797719.

ഗതാഗത നിയന്ത്രണം

തൃശൂർ: ആറങ്ങോട്ടുകര തളി തിച്ചൂർ റോഡിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനാൽ ഇന്ന് മുതൽ പ്രവൃത്തി പൂർത്തീകരിക്കുന്നത് വരെ ഭാഗികമായി വാഹന ഗതാഗതം തടസ്സപ്പെടുന്നതാണെന്ന് വടക്കാഞ്ചേരി പൊതുമരാമത്ത് നിരത്തുകൾ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

തൃശ്ശൂർ താലൂക്ക് വികസന സമതി യോഗം നാളെ

തൃശ്ശൂർ: താലൂക്ക് വികസന സമിതി യോഗം ഏപ്രിൽ അഞ്ചിന് രാവിലെ 11 ന് തൃശ്ശൂർ താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേരും. യോഗത്തിൽ ബന്ധപ്പെട്ട ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുക്കണമെന്ന് തൃശ്ശൂർ താലൂക്ക് വികസന സമിതി കൺവീനറായ തഹസിൽദാർ അറിയിച്ചു.

മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ് അദാലത്ത്

തൃശൂർ:കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കേന്ദ്രകാര്യാലയത്തിലും മേഖലാ ഓഫീസുകളിലും ക്ഷേമനിധി അംഗങ്ങൾ നൽകിയ അപേക്ഷകളിൽ തീർപ്പാകാതെയുള്ളവയിൽ പരിഹാരം കാണുന്നതിനും അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുമായി ഏപ്രിൽ മാസത്തിൽ എല്ലാ ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിക്കുന്നു. അദാലത്തിൽ പങ്കെടുക്കുന്നതിനായി അംഗങ്ങൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഫിഷറീസ് ഓഫീസുകളിലോ മേഖല ഓഫീസുകളിലോ ഏപ്രിൽ പത്തിനകം വിവരങ്ങൾ സഹിതം അപേക്ഷ നൽകണം. ഫോൺ: 0484 2396005.

പേവിഷ വിമുക്ത ക്യാമ്പയിൻ; ശിൽപ്പശാല സംഘടിപ്പിച്ചു

തൃശൂർ: 'പേവിഷ വിമുക്ത കേരളം' പദ്ധതിയുടെ ഭാഗമായി ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ പേവിഷ വിമുക്ത ക്യാമ്പയിൻ ശിൽപ്പശാല സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എസ് മോഹനൻ ഉദ്ഘാടനം ചെയ്തു. പേവിഷബാധയെ പ്രതിരോധിക്കാൻ ആവശ്യമായ മുൻകരുതലിനെക്കുറിച്ചും ജനങ്ങൾക്കിടയിൽ പേ വിഷബാധ സന്ദേശമെത്തിക്കുന്നതിനെക്കുറിച്ചും ശിൽപ്പശാലയിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സി.ആർ രാജേഷ് സംസാരിച്ചു. ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സി.സി ജയ, പഞ്ചായത്തംഗം ഇബ്രാഹിംകുട്ടി, ഹെൽത്ത് ഇൻസ്പെക്ടർ സഫീഗ, ഹരിത കർമ്മസേനാംഗങ്ങൾ, അങ്കണവാടി അധ്യാപകർ, സി.ഡി.എസ് അംഗങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

വഖഫ് നിയമ ഭേദഗതി രാജ്യത്തെ അസ്ഥിരപ്പെടുത്തും: അഡ്വ കെ.എസ് നിസാർ

തൃശൂർ: രാജ്യത്തിന്റെ വമ്പിച്ച പ്രതിഷേധങ്ങൾക്കും എതിർപ്പുകൾക്കും ഇടയിൽ ഏകാധിപത്യത്തിന് വഴിതുറന്ന് ബി.ജെ.പി സർക്കാർ നടപ്പിലാക്കുന്ന വഖഫ് നിയമ ഭേദഗതി രാജ്യത്തെ അസ്ഥിരപ്പെടുത്തുന്ന നടപടിയാണെന്ന് വെൽഫെയർ പാർട്ടി തൃശൂർ ജില്ലാ പ്രസിഡന്റ് അഡ്വ. കെ.എസ് നിസാർ പറഞ്ഞു.

ജനാധിപത്യത്തെ വെല്ലുവിളിച്ചും ഭരണഘടനയെ പൊളിച്ചടക്കിയും നീതിപീഠങ്ങളെ നോക്കുകുത്തിയാക്കിയുമാണ് മോദി സർക്കാർ നിയമങ്ങൾ നിർമിക്കുന്നത്. രാജ്യത്തെ മുസ്ലിംകളെയും മതന്യൂനപക്ഷങ്ങളെയും ഉന്മൂലനം ചെയ്യാനുള്ള സംഘ് പരിവാർ ശ്രമങ്ങളുടെ തുടർച്ചയാണിത്. ക്രിസ്ത്യൻ - മുസ്ലിം സമൂഹങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കിയും വിദ്വേഷം പ്രചരിപ്പിച്ചും പ്രതിപക്ഷ സ്വരങ്ങളെ നിർജീവമാക്കുന്ന നയമാണവർ സ്വീകരിക്കുന്നത്. ഈ ചതിക്കുഴികളെ തിരിച്ചറിയാത്തവരാണ് മുനമ്പം പ്രശ്നം പരിഹരിക്കാൻ മോദിക്ക് കഴിയുമെന്ന് കിനാവ് കാണുന്നവരെന്നും അദ്ദേഹം പറഞ്ഞു.

പ്രതിപക്ഷ ശബ്ദങ്ങളേയോ, മുസ്ലിം സമുദായത്തിന്റെ ആവശ്യങ്ങളേയോ മുഖവിലക്കെടുക്കാതെ കേന്ദ്ര സർക്കാർ കൊണ്ട് വരുന്ന വഖഫ് നിയമ ഭേദഗതി ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ മുസ്ലിം ഉന്മൂലന അജണ്ടയാണെന്നും അദ്ദേഹം പറഞ്ഞു.

വെൽഫെയർ പാർട്ടി തൃശൂർ കോർപ്പറേഷൻ ഓഫീസിന് മുൻപിൽ നടത്തിയ ജനകീയ പ്രതിഷേധം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ ജനറൽ സെക്രട്ടറി ഉമൈറ കെ.എസ്അധ്യക്ഷത വഹിച്ചു. ജില്ലാ ജനറൽ സെക്രട്ടറി റക്കീബ് കെ. തറയിൽ, ജില്ലാ എക്സിക്യൂട്ടീവ് അംഗം കെ.കെ. ഷാജഹാൻ, ട്രഷറർ ആരിഫ് മുഹമ്മദ് പി.ബി, തൃശൂർ മണ്ഡലം പ്രസിഡന്റ് റഫീഖ് പി.എച്ച്, ട്രഷറർ യാസീൻ മുല്ലക്കര എന്നിവർ സംസാരിച്ചു.

ശക്തൻ സ്റ്റാന്റ് പരിസരത്ത് നിന്നും ആരംഭിച്ച പ്രതിഷേധ പ്രകടനത്തിന് ജില്ലാ നേതാക്കളായ ടി.എം. കുഞ്ഞിപ്പ, സുലേഖ അസീസ്, സുഹൈബ് അലി, ഷമീറ നാസർ, ഹംസ എളനാട്, ഹാരിസ് വി.എ, ഉസ്മാൻ മുല്ലക്കര, എം.എ കമറുദ്ദീൻ, ഷാജഹാൻ എളനാട്, ഹൈറുന്നിസ ആരിഫ്, ഷാഹിം കെ.ബി തുടങ്ങിയവർ നേതൃത്വം നൽകി.

ഹൈലൈറ്റ് മാളിലെ അനധികൃത പാർക്കിംഗ് ഫീസ് ഈടാക്കൽ നിർത്തലാക്കി

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ കുട്ടനെല്ലൂരിൽ സ്ഥിതി ചെയ്യുന്ന ഹൈലൈറ്റ് മാളിൽ അനധികൃത പാർക്കിംഗ് ഫീസ് ഈടാക്കുന്നു എന്ന് മേയർക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മേയർ നേരിട്ട് സ്ഥലത്തെത്തി പരിശോധന നടത്തി അനധികൃത പാർക്കിംഗ് ഫീസ് ഈടാക്കുന്നത് നിർത്തലാക്കി.

ഒരു ബിൽഡിംഗിന് കെ.എം. ബി.ആർ റൂൾ അനുസരിച്ച് നിശ്ചിത സൗജന്യ പാർക്കിംഗ് ഉറപ്പു വരുത്തിയതിന് ശേഷം മാത്രമാണ് പെർമിറ്റ് നല്കിയിട്ടുള്ളത്. പൊതുജനങ്ങളുടെ കൈയിൽ നിന്നും അനധികൃതമായി പാർക്കിംഗ് ഫീസ് ഈടാക്കുന്നത് നിയമ വിരുദ്ധമാണ്. കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഷീജ, റവന്യൂ ഓഫീസർ സുർജിത്ത്, ക്ലീൻ സിറ്റി മാനേജർ അബ്ദുൾ നാസർ സി.കെ., അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ, ഹെൽത്ത് ഇൻസ്പെക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. അനധികൃതമായി പാർക്കിംഗ് ഫീസ് ഈടാക്കുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മേയർ അറിയിച്ചു.

വെൽവിഷേഴ്സ് മീറ്റുമായി തൃശ്ശൂർ എ എസ് ജി വാസൻ ഐ ഹോസ്പിറ്റൽസ്

തൃശ്ശൂർ: തൃശ്ശൂർ എ എസ് ജി വാസൻ ഐ ഹോസ്പിറ്റൽസ് വെൽവിഷേഴ്സ് മീറ്റ് സംഘടിപ്പിച്ചു. തൃശ്ശൂർ എംഎൽഎ പി ബാലചന്ദ്രൻ ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ചു. ആശുപത്രിയിൽ നേത്ര ശസ്ത്രക്രിയ കഴിഞ്ഞ രോഗികളും മീറ്റിങ്ങിന്റെ ഭാഗമായിരുന്നു.

ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്ക് മാർച്ച് 28 മുതൽ ഏപ്രിൽ 28 വരെ ഒരുമാസ കാലയളവിലേക്ക് ഡോക്ടർമാരുടെ കൺസൾട്ടേഷൻ സൗജന്യമായിരിക്കും. കൂടാതെ, അനുബന്ധ ആനുകൂല്യങ്ങളും ഇവർക്ക് ലഭ്യമാക്കും. തൃശ്ശൂർ ഡെപ്യൂട്ടി മേയർ റോസി ചടങ്ങിൽ എ എസ് ജി വാസൻ ഐ ഹോസ്പിറ്റൽസിന്റെ പ്രത്യേക ആനുകൂല്യങ്ങളുള്ള പ്രിവിലേജ് കാർഡ് അവതരിപ്പിച്ചു.

എ.സി.പി സലീഷ് എൻ എസ്, ഇസിഎച്ച്എസ് ഒ. ഐ. സി കേണൽ ബിജു പോൾ, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രിൻസ്, തൃശ്ശൂർ കോർപറേഷൻ കൗൺസിലർ സിന്ധു ആന്റോ ചാക്കോള, തൃശ്ശൂർ - കൊച്ചി എ എസ് ജി വാസൻ ഐ ആശുപത്രിയിലെ കാറ്ററാക്ട് ആൻഡ് റിഫ്രാക്ടിവ് ഹെഡ് സർജൻ ഡോ. സോണി ജോർജ്, തൃശ്ശൂർ എ എസ് ജി വാസൻ ഐ ആശുപത്രിയിലെ കോർണിയ സ്പെഷ്യലിസ്റ്റ് ഡോ. അനശ്വര എം ജോൺ, റീജിയണൽ ഓപ്പറേഷൻസ് മാനേജർ ഹിമാൻഷു മാഥുർ, എ എസ് ജി വാസൻ ഐ ഹോസ്പിറ്റൽസ് കേരള റീജിയൺ ക്ലസ്റ്റർ ഹെഡ് സുമിത്ത് എസ്, ബിസിനസ് ഡെവലപ്മെന്റ് റീജിയണൽ മാനേജർ ദീപക് നായർ, തൃശ്ശൂർ സെന്റർ ഹെഡ് ശ്രീകാന്ത് കെ സി തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. ചടങ്ങിൽ രോഗികളും അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു.

പുതുക്കാട് ഗവൺമെന്റ് താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രി ആക്കി ഉയർത്തണം: ആർ ജെ ഡി

പുതുക്കാട്: മുകുന്ദപുരം ചാലക്കുടി താലൂക്കുകളിലെ നൂറുകണക്കിന് രോഗികൾ ആശ്രയിക്കുന്നപുതുക്കാട് ഗവൺമെന്റ് താലൂക്ക് ആശുപത്രി ജില്ല ആശുപത്രി ആക്കി ഉയർത്തണമെന്നും ഇവിടെ ഉണ്ടാകുന്ന ചികിത്സയിലെ അനാസ്ഥയും മരുന്ന് ക്ഷാമവും പരിഹരിക്കണമെന്നും ന്യൂറോളജിസ്റ്റ് ഉൾപ്പടെയുള്ള സ്പെഷലിസ്റ്റ് ഡോക്ടർമാരെ നിയമിക്കണമെന്നും രാഷ്ട്രീയ ജനതാദൾ ആർ ജെഡി പുതുക്കാട് നിയോജക മണ്ഡലം നേതൃത്വ സംഗമം ആവശ്യപ്പെട്ടു. ന്യൂറോളജിസ്റ്റ് ഇല്ലാത്തതിനാൽ രോഗികളെ തൃശൂർ മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോകേണ്ട അവസ്ഥയാണുള്ളത് നേതൃത്വ സംഗമം ജില്ലാ ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി ഉദ്ഘാടനം ചെയ്തു പ്രസിഡന്റ് ഇൻ ചാർജ് അഡ്വക്കേറ്റ് ടിഐ സേവിയർ അധ്യക്ഷത വച്ചു വർക്കിംഗ് പ്രസിഡണ്ട്ഐ പി കുട്ടൻ നിയോജക മണ്ഡലം വൈസ് പ്രസിഡണ്ട് എൻ കെ രവീന്ദ്രൻ എബീസ് കുന്നിക്കുരുവിൽ എം എ ഇഗ്നേഷ്യസ് എൻ എ യോഹന്നാൻ ഐ എസ് ശശി ടി പി ജേക്കബ് സി വി ഷൈലൻ എംവി പ്രദീപ് കെ എസ് സുകുമാരൻ പി വി അനിൽകുമാർ തുടങ്ങിയവർ സംസാരിച്ചു.

പെൻഷനേഴ്സ് അസോസിയേഷൻ ധർണ്ണ നടത്തി

ഇരിങ്ങാലക്കുട : കെ.എസ്.എസ്.പി.എ നിയോജക മണ്ഡലം കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ അവകാശനിഷേധത്തിനെതിരെ ട്രഷറിക്ക് മുന്നിൽ ധർണ്ണ നടത്തി.

പെൻഷൻ പരിഷ്ക്കരണ നടപടികൾ ഉടൻ ആരംഭിക്കുക, ക്ഷാമാശ്വാസ കുടിശ്ശികയുടെ ഗഡുക്കൾ വിതരണം ചെയ്യുക, എഴ് ഗഡു ക്ഷാമാശ്വാസം അനുവദിക്കുക, ലഹരി വ്യാപനം തടയുന്നതിന് സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുക എന്നീ ആവശ്യങ്ങൾക്കായി നടത്തിയ ധർണ്ണ ഇരിങ്ങാലക്കുട ബ്ലോക്ക് കോൺഗ്രസ് കമ്മറ്റി പ്രസിഡണ്ട് സോമൻ ചിറ്റേത്ത് ഉദ്ഘാടനം ചെയ്തു.

നിയോജക മണ്ഡലം പ്രസിഡണ്ട് കെ.പി. മുരളീധരൻ അധ്യക്ഷത വഹിച്ചു. ജില്ലാ ജോ. സെക്രട്ടറി കെ.ബി. ശ്രീധരൻ, സംസ്ഥാന കൗൺസിൽ അംഗം എം. മൂർഷിദ്, കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് സി.എസ്. അബ്ദുൾ ഹഖ്, എ.സി. സുരേഷ്, കെ. കമലം, എ.എൻ. വാസുദേവൻ, ഇ.ഡി. ജോസ് എന്നിവർ പ്രസംഗിച്ചു.

മാലിന്യ മുക്ത പ്രഖ്യാപനവുമായി ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് മാലിന്യമുക്ത വിളംബര ജാഥയും മാലിന്യ മുക്ത പ്രഖ്യാപനവും നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ് പ്രിൻസ് ഉദ്ഘാടനം നിർവ്വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ രവി അധ്യക്ഷത വഹിച്ചു. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഫ്രാൻസിന ഷാജു ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിലെ മികച്ച പഞ്ചായത്തായി മാടക്കത്തറ പഞ്ചായത്തിനെ തിരഞ്ഞെടുത്തു.

നവകേരളം ജനകീയ ക്യാംപയിനോടനുബന്ധിച്ച് മികച്ച പഞ്ചായത്ത്, മികച്ച സർക്കാർ സ്ഥാപനം, മികച്ച സ്വകാര്യ സ്ഥാപനം, മികച്ച വ്യാപാര സ്ഥാപനം, മികച്ച പൊതുയിടം, മികച്ച ഹരിത വായനശാല, മികച്ച ഹരിത കർമ്മ സേന കൺസോർഷ്യം, മികച്ച റസിഡൻസ് അസോസിയേഷൻ എന്നീ വിഭാഗങ്ങളിൽ വിജയികളെ തിരഞ്ഞെടുത്തു. മാടക്കത്തറ, നടത്തറ, പാണഞ്ചേരി, പുത്തൂർ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച നാമനിർദ്ദേശങ്ങളുടെ ബ്ലോക്ക്തല ഫീൽഡ് പരിശോധന, പഞ്ചായത്തുകളുടെ അവതരണം എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് വിജയികളെ നിശ്ചയിച്ചത്. മികച്ച പഞ്ചായത്തിനും വിവിധ വിഭാഗങ്ങളിലെ വിജയികൾക്കും സർട്ടിഫിക്കറ്റ് നൽകി ആദരിച്ചു.

മടക്കത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇന്ദിര മോഹനൻ, പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ഉണ്ണികൃഷ്ണൻ, ഗ്രാമപഞ്ചായത്തംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്തംഗങ്ങൾ, ഉദ്യോഗസ്ഥർ, വിവിധ പദ്ധതികളുടെ കോഡിനേറ്റർമാർ തുടങ്ങിയവർ പങ്കെടുത്തു.

വൈദീകർക്കും ക്രൈസ്തവ വിശ്വാസികൾക്കും സുരക്ഷിതത്വം ഉറപ്പു വരുത്തണം: മാർ പോളി കണ്ണൂക്കാടൻ

ഇരിങ്ങാലക്കുട: വൈദീകർക്കും ക്രൈസ്തവർക്കും സുരക്ഷിതത്വം ഉറപ്പു വരുത്തുവാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇടപ്പെടണമെന്ന് ബിഷപ്പ് മാർ. പോളി കണ്ണൂക്കാടൻ. മധ്യപ്രദേശിലെ ജബൽപ്പൂരിൽ വൈദീകർക്കും ക്രൈസ്തവർക്കും നേരെ നടന്ന ആക്രമണങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രൽ സിഎൽസിയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്പ്. ജബൽപ്പൂരിൽ നടന്നത് ഒറ്റപ്പെട്ട സംഭവമായി കരുതുന്നില്ല. നിയമം അനുശാസിക്കുന്ന സ്വാതന്ത്ര്യത്തോടെ ജീവിക്കുവാൻ, സ്വതന്ത്രമായി ആരാധന നടത്തുവാൻ മതേതര ഭാരതത്തിൽ ക്രൈസ്തവർക്കു കഴിയണം. അതിനുള്ള സാഹചര്യം ഒരുക്കുവാൻ സർക്കാരുകൾ തയ്യാറാകണം. ഭാരതത്തിന്റെ മതേതരത്വം സംരക്ഷിക്കുവാൻ സമൂഹ മനസാക്ഷി ഉണരണമെന്നും ബിഷപ്പ് കൂട്ടിചേർത്തു. ബിഷപ്പ്സ് സെക്രട്ടറി ഫാ. ജോർജി തേലപ്പിള്ളി, ട്രസ്റ്റി സിഎം പോൾ, രൂപത കൗൺസിലർ വിനു ആന്റണി, ഓർഗനൈസർ കെ.പി നെൽസൺ, മുൻ രൂപത എക്സിക്യൂട്ടീവ് ഡേവീസ് ഷാജു, മുൻ ഓർഗനൈസർ ജിജു കോട്ടോളി, ട്രഷറൽ തോമസ് ജോസ്, വൈസ് പ്രസിഡന്റ് ആൽബിൻ സാബു, പ്രഫഷണൽ സിഎൽസി സെക്രട്ടറി ജോയ് പേങ്ങിപറമ്പിൽ, ട്രഷറർ ഫ്രാൻസീസ് കീറ്റിക്കൽ, സംസ്ഥാന സെക്രട്ടറി ഷോബി കെ പോൾ, ഭാരവാഹികളായ ക്രിസ്റ്റോ മുരിങ്ങത്തുപറമ്പിൽ, ഡയസ് ഡി തോട്ടാൻ എന്നിവർ സംസാരിച്ചു.

കുടിശ്ശിക അടയ്ക്കാനുള്ള തീയതി നീട്ടി

തൃശൂർ: കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് കുടിശ്ശിക ഒടുക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 30 വരെ നീട്ടി. ഓൺലൈൻ, ഫ്രണ്ട്സ് ജനസേവന കേന്ദ്രം, സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ബ്രാഞ്ചുകൾ എന്നിവ മുഖേനയും പി.ഒ.എസ് മെഷീനുകൾ ഉപയോഗിച്ച് ജില്ലാ ഓഫീസുകളിലും ക്ഷേമനിധി അടയ്ക്കാൻ സൗകര്യം ഒരുക്കിയിട്ടുണ്ടെന്ന് ബോർഡ് ചെയർമാൻ സി.കെ. ഹരികൃഷ്ണൻ അറിയിച്ചു.

മയക്കുമരുന്നിന്റെ വിതരണ ശൃംഖലയുടെ വേരറക്കണം : തോമസ് ഉണ്ണിയാടൻ

ഇരിങ്ങാലക്കുട : ലഹരിയുടെയും മയക്കുമരുന്നിന്റെയും ഉല്പാദന വിതരണ ശൃംഖലകളുടെ വേരറുക്കാൻ ഭരണകൂടം തയ്യാറാകണമെന്ന് കേരള കോൺഗ്രസ് ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ പറഞ്ഞു. കേരള കോൺഗ്രസ് വനിതാ വിഭാഗമായ വനിതാ കോൺഗ്രസ് ലഹരി വ്യാപനത്തിനെതിരെ നടത്തിയ മാർച്ചും ധർണയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിന്റെ മുക്കിലും മൂലയിലും ബാർ ഹോട്ടലുകളും മദ്യശാലകളും മദ്യ ഉല്പാദന കേന്ദ്രങ്ങളും തുടങ്ങുവാൻ അനുവാദം കൊടുക്കുന്ന സംസ്ഥാന സർക്കാരിന് ലഹരിക്കും മയക്കുമരുന്നിനുമെതിരെ പോരാടുവാൻ കഴിയണമെന്നും ഉണ്ണിയാടൻ പറഞ്ഞു. ലഹരിക്കെതിരെ രാഷ്ട്രീയ മത ചിന്തകൾക്കതീതമായി എല്ലാവരും ഒറ്റകെട്ടായി പ്രവർത്തിക്കണമെന്നും ഇതിനു വേണ്ടിയുള്ള വനിതാ കോൺഗ്രസിന്റെ 100 വനിതാ നേതാക്കളുടെ നിരന്തര പോരാട്ടം അഭിനന്ദനം അർഹിക്കുന്നുവെന്നും ഉണ്ണിയാടൻ പറഞ്ഞു. നിയോജക മണ്ഡലം പ്രസിഡന്റ് മാഗി വിൻസെന്റ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ്, ഫെനി എബിൻ, ലിംസി വർഗീസ് എന്നിവർ പ്രസംഗിച്ചു. കുട്ടംകുളം പരിസരത്തു നിന്നാരംഭിച്ച മാർച്ചിൽ നിരവധി വനിതകൾ പങ്കെടുത്തു.

പതാക ദിനം ആചരിച്ചു

കൊടുങ്ങല്ലൂർ : എപ്രിൽ 10, 11, 12, തിയ്യതികളിൽ തിരുവനന്തപുരത്ത് നടക്കുന്ന കെ. ജെ. യു. സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി ഏപ്രിൽ 3 ന് കൊടുങ്ങല്ലൂർ മേഖലയിൽ പതാക ദിനം ആചരിച്ചു. കൊടുങ്ങല്ലൂർ വടക്കെ നടയിൽ നടന്ന പതാക ദിനാചരണത്തിൽ കെ.ജെ യു. കൊടുങ്ങല്ലൂർ മേഖല പ്രസിഡന്റ് കെ.പി. സുനിൽ കുമാർ അധ്യക്ഷനായി. മുതിർന്ന അംഗം കുഞ്ഞിമുഹമ്മദ് കണ്ണാംകുളത്ത് പതാക ഉയർത്തി. കെ.ജെ.യു ജില്ലാ ട്രഷറർ എൻ.പി. ഉദയകുമാർ ജില്ലാ കമ്മിറ്റി അംഗം ടി.എച്ച് നൗഷാദ്, ഗിരീഷ് ഉണ്ണികൃഷ്ണൻ, റോണി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

ശ്രീകൂടൽമാണിക്യ ക്ഷേത്രത്തിൽ ശ്രീമദ് ഭാഗവത സ്പ്താഹയജ്ഞം ഏപ്രിൽ 6 മുതൽ 13 വരെ

ഇരിങ്ങാലക്കുട : എപ്രിൽ 6 മുതൽ 13 വരെ ശ്രീകൂടൽമാണിക്യക്ഷേത്രത്തിൽ നടക്കുന്ന ശ്രീമദ് ഭാഗവത സപ്താഹയജ്ഞത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. കിഴക്കേ നടയിൽ നടത്തുന്ന സപ്താഹയജ്ഞത്തിന് ബ്രഹ്മശ്രീ വയപ്പുറം വാസുദേവപ്രസാദ് നമ്പൂതിരി നേതൃത്വം നൽകുമെന്ന് ദേവസ്വം ചെയർമാൻ അഡ്വ സി കെ ഗോപി, അഡ്മിനിസ്ട്രേറ്റർ കെ ഉഷാനന്ദിനി എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു. ഏപ്രിൽ 6 ന് വൈകീട്ട് 6.30 ന് ഭാഗവത മഹാത്മ പാരായണത്തോടെ സപ്താഹയജ്ഞം ആരംഭിക്കും.

കഴകനിയമന വിഷയത്തിൽ സർക്കാരിന്റെയും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെയും ഉത്തരവുകൾ കണിശമായി പാലിക്കുമെന്ന് ഇത് സംബന്ധിച്ച ചോദ്യങ്ങൾക്ക് മറുപടിയായി ചെയർമാൻ വ്യക്തമാക്കി. വിഷയത്തിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചെയർമാൻ കഴിഞ്ഞ ദിവസം നടത്തിയ വിമർശനങ്ങൾ അറിഞ്ഞിട്ടില്ല. തന്ത്രിമാരുടെ അറിവ് കൂടാതെ നടത്തിയ കഴക നിയമനത്തിൽ പ്രതിഷേധിച്ച് പ്രതിഷ്ഠാദിന ചടങ്ങുകളിൽ നിന്നും വിട്ട് നിൽക്കുമെന്ന് തന്ത്രിമാർ സമ്മർദ്ദം ചെലുത്തിയ സാഹചര്യത്തിലാണ് കഴക ജോലിയിൽ നിയമിതനായ ബാലുവിനെ താത്കാലികമായി ഓഫീസ് ജോലിയിലേക്ക് മാറ്റിയതെന്ന് ചെയർമാൻ അവർത്തിച്ചു. കഴിഞ്ഞ 40 വർഷങ്ങളായി മാല കെട്ട് കഴകം ജോലി നിർവഹിച്ച് വരുന്നത് കാരായ്മ അവകാശം ഇല്ലാത്തവരാണെന്ന് ദേവസ്വം വിശദീകരിച്ചിട്ടും കേൾക്കാൻ തന്ത്രിമാർ തയ്യാറായില്ല. 2020 ൽ സർവീസി